ശ്രീ. പി സീതിഹാജി : സ്റ്റാഫ് ഫിക്സേഷൻ കഴിഞ്ഞ് ഒരു മാസത്തിനുള്ളിൽ കൊടുക്കാൻ വേണ്ടി ശ്രമിക്കണമെന്നും അതുപോലെതന്നെ 30 രൂപ സ്കോളർഷിപ്പ് വാങ്ങുന്നതിനുവേണ്ടി വില്ലേജാഫീസിൽ പോയി സർട്ടിഫിക്കറ്റ് കിട്ടാൻ 10 രൂപ മുടക്കുന്ന ആ സമ്പ്രദായം ഉപേക്ഷിക്കുന്നതിനുവേണ്ടി ഗവൺമെൻറ് ശ്രദ്ധിക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : ഞാൻ ആദ്യം പറഞ്ഞതാണ് കുറെകൂടി സൗകര്യം. സ്റ്റാഫ് ഫിക്സേഷൻ കഴിഞ്ഞ് ഒരു മാസം എന്നു പറഞ്ഞാൽ വളരെ താമസിക്കും. സ്റ്റാഫ് ഫിക്സേഷന് ഇപ്പോഴും പുതിയ ചില നിബന്ധനകൾ ഏർപ്പെടുത്തിയിട്ടുണ്ട്. അഡീഷണൽ ഡിവിഷൻസ് ഉണ്ടാകുന്ന സ്ഥലങ്ങളിൽ, സ്ട്രെംഗ്തിന്റെ അടിസ്ഥാനം വർദ്ധിക്കുകയാണെങ്കിൽ സുപ്പീരിയർ ആഫീസറുടെ ഇൻസ്പെക്ഷൻ വേണ്ടിവരും. അതുകൊണ്ട് ഞാൻ ആദ്യം പറഞ്ഞതായിരിക്കും ഏറ്റവും നല്ല മാർഗ്ഗം. ആദ്യത്തെ ടേമിലെങ്കിലും കൊടുക്കത്തക്ക നിലയിൽ നടപടിക്രമങ്ങൾ പൂർത്തിയാക്കാം. അതുപോലെതന്നെ സർട്ടിഫിക്കറ്റിനെ സംബന്ധിച്ചിടത്തോളം വരുമാന സർട്ടിഫിക്കറ്റ് ഒരു അനിസ്ഥാന ഘടകം തന്നെയാണ്. 8,000 രൂപയിൽ കൂടുതൽ വാർഷിക വരുമാനമുള്ളവർക്കല്ല ഇത് നൽകുന്നത്. അതായത് വാർഷിക വരുമാനമുള്ളവർക്കാണ് അതായത് വാർഷിക വരുമാനം 800 രൂപയിൽ കവിയാൻ പാടില്ല. 8,000 രൂപ വാർഷിക വരുമാനമുള്ളയാളാണോ അതിൽ കൂടുതലുള്ള ആളാണോ എന്നുള്ളത് നൽകാനുള്ള അധികാരി സ്വാഭാവികമായും ഇപ്പോൾ വില്ലേജാഫീസറാണ്. അതുകൊണ്ട് അതിനകത്ത് മാറ്റം വരുത്തിയാൽ അത് അനർഹർ തട്ടിയെടുക്കാനുള്ള ഇടവരും എന്നുള്ളതുകൊണ്ട് ഈ കാര്യത്തിൽ എന്തെങ്കിലും ചെയ്യാൻ കഴിയുമെന്ന് തോന്നുന്നില്ല.

## (2) സഹകരണ മേഖലയിലെ മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളികൾക്ക് അനുവദിച്ച ക്ഷേമനിധി

ശ്രീ. ഒ. ഭരതൻ : സർ, 1980 മുതൽക്കുതന്നെ നമ്മുടെ സംസ്ഥാനത്തിലെ സഹകരണമേഖലയിലെ മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളികൾ സംഘടിതമായിട്ടുള്ള പ്രക്ഷോഭണങ്ങളും സമരങ്ങളും നടത്തിയതിന്റെ ഫലമായിട്ടാണ് 1985-ൽ മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് വെൽഫയർ ഫണ്ട് ആക്ട് എന്നു പറയുന്ന നിയമം പാസ്സാക്കപ്പെട്ടത്. ഈ നിയമം 1985-ൽ ഈ നിയമസഭ പാസ്സാക്കുന്നതിനു മുൻപുതന്നെ 1985 മേയ് മാസം 24-ാം തീയതി ഇതിന്റെ ഉൽഘാടനം വലിയ കൊട്ടും കുരവയോടുംകൂടി നമ്മുടെ തൊഴിൽ വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയുംകൂടി കൊല്ലത്തുവച്ച് നടത്തുകയുണ്ടായി. 1986 ഏപ്രിൽമാസം 1-ാം തീയതി മുതലാണ് ഇത് യഥാർത്ഥത്തിൽ പ്രാബല്യത്തിൽ വന്നിട്ടുള്ളത്. 1986 ഒക്ടോബർ മാസം 21-ാം തീയതി ഈ നിയമസഭയുടെ 2-ാമത്തെ ദിവസം എന്റെ ഒരു ചോദ്യത്തിന് ലഭിച്ചിട്ടുള്ള ഒരു ഉത്തരത്തിൽ പറയുന്നത് ഒരു ലക്ഷത്തി ഇരുപത്തയ്യായിരം തൊഴിലാളികൾക്ക് ഈ നിയമം ബാധകമാണ് എന്നാണ്. പക്ഷെ എത്ര തൊഴിലാളികൾക്ക്. ഇതിനകം നടപ്പിലാക്കി എന്ന ചോദ്യത്തിനാണ് വിവരം ശേഖരിച്ചുവരുന്നു എന്നാണ് എനിക്ക് ഉത്തരം കിട്ടിയിട്ടുള്ളത്. എന്റെ അറിവ് ശരിയാണെങ്കിൽ ഇത് നമ്മുടെ സഹകരണ ബസ് ട്രാൻസ്പോർട്ട് തൊഴിലാളികൾക്ക്, ലോറി ട്രാൻസ്പോർട്ട് തൊഴിലാളികൾക്ക്, ടാക്സി തൊഴിലാളികൾക്ക്, ആട്ടോറിക്ഷാ തൊഴിലാളികൾക്ക്, ജീപ്പ് തൊഴിലാളികൾക്ക്, വാൻ തൊഴിലാളികൾക്ക് ഈ എല്ലാ വിഭാഗം തൊഴിലാളികൾക്കും ബാധകമായിട്ടുള്ള ഒരു നിയമമാണ്. ഒരു ലക്ഷത്തി ഇരുപത്തയ്യായിരം തൊഴിലാളികൾക്ക ബാധകമാകുമെന്നാണ് ഈ ഗവൺമെൻറ് പറയുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

പക്ഷെ എത്രായിരം ആളുകൾക്ക് ഇതിനകം നടപ്പിലാക്കിയിട്ടുണ്ട്. ഞാൻ ശേഖരിച്ചിട്ടുള്ള കണക്കനുസരിച്ചാണെങ്കിൽ ഈ സംസ്ഥാനത്തിൽ ഇതുവരെ കേവലം ആറായിരം ആളുകൾക്കുമാത്രമേ നടപ്പിലാക്കിയിട്ടുള്ളു. എന്തു നടപടിയാണ് ഇത് നടപ്പിലാക്കാൻവേണ്ടി സ്വീകരിച്ചുകൊണ്ടിരിക്കുന്നത് ? മനമില്ലാമനസ്സോടുകൂടി ഒരു നിയമം കൊണ്ടുവരിക. ഈ സംസ്ഥാനത്തെ സ്വകാര്യ ബസ്സുടമസ്ഥൻമാരെയും വാഹന ഉടമസ്ഥൻമാരെയും സംരക്ഷിക്കുന്നതിനുവേണ്ടി അച്ചാരം വാങ്ങുക. ഈ നിയമം നടപ്പിലാക്കാൻവേണ്ടി ചെറുവിരൽപോലും അനക്കുന്ന നടപടി സ്വീകരിക്കാതിരിക്കുക, ഇതല്ലേ സർ ഈ ഗവൺമെൻറ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ ആഗസ്റ്റു മാസം 21-ാം തീയതി നമ്മുടെ സംസ്ഥാനത്തിലെ ബസ് ട്രാൻസ്പോർട്ട് തൊഴിലാളികളും സംസ്ഥാന വ്യാപകമായിട്ടുള്ള ഒരു പണിമുടക്ക് നടത്തി. ആ പണിമുടക്ക് നടത്തുന്ന അന്ന് നമ്മുടെ സംസ്ഥാനത്തിലെ തൊഴിൽ വകുപ്പുമന്ത്രി പറഞ്ഞത് രാഷ്ട്രീയപ്രേരിതമായിട്ടുള്ള ഒരു സമരമാണ് നടന്നത് എന്നാണ്. അതിനുശേഷമുള്ള മാസങ്ങളിലെങ്കിലും ഈ നടപ്പിലാക്കാൻ ആവശ്യമായിട്ടുള്ള നടപടി സ്വീകരിക്കണ്ടേ ? ആ നടപടിയൊന്നും സ്വീകരിക്കുന്നില്ല. പക്ഷെ മന്ത്രിക്ക് ഒരു കാര്യത്തിലെ താൽപര്യമുള്ളു. എന്താണ് ? ഈ നിയമം നടപ്പിലാക്കുന്നതിനുവേണ്ടി ഉദ്യോഗസ്ഥൻമാരെ നിയമിക്കുമ്പോൾ അതിൽ സ്വന്തക്കാരായ ആളുകളെ നിശ്ചയിക്കണം. പി. എസ്. സി. മുഖേന ഇത്തരം ആളുകളെ നിശ്ചയിക്കുന്നില്ല. എംപ്ലോയ്മെൻറ് മുഖേന ഇത്തരം ആളുകളെ നിശ്ചയിക്കും. ഈ റിക്രൂട്ടുമെൻറുതന്നെ ഡയറക്ട് റിക്രൂട്ടുമെൻറ് എന്നാണ് ഇപ്പോൾ ഗവൺമെൻറ് പറയുന്നത്. ഇതിൻെറ റൂൾസ് ഇപ്പോൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. മിനിഞ്ഞാന്ന് ആ റൂൾസ് എൻെറ കയ്യിൽ കിട്ടി. Kerala Motor Transport Workers Welfare Fund, Powers and Duties of Chief Executive Officer and District Executive Officer's Rule 1986. അതിൽ പല ഭാഗങ്ങളിലും അപ്പോയിൻറ്മെൻറിനെപ്പറ്റി പറയുന്നുണ്ട്. ആ അപ്പോയിൻറ്മെൻറ് ഡയറക്ട് റിക്രൂട്ടുമെൻറാണ്. അപ്പോൾ ഇതൊക്കെ ഡയറക്ട് റിക്രൂട്ടുമെൻറ് കൊടുക്കുക, സ്വകാര്യ രംഗത്തിലൂടെ അല്ലെങ്കിൽ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് മുഖേന റിക്രൂട്ടുമെൻറ് നടത്തുക, ഇതൊക്കെ കാര്യമായുണ്ടാക്കുന്നതിനുവേണ്ടിയാണ്. അതേസമയത്ത് ഈ രംഗത്തെ തൊഴിലാളികൾക്ക് ഈ ഫണ്ടിൽ പറയുന്ന ഒരു സംരക്ഷണവും കൊടുക്കാതിരിക്കുകയാണ്. ഒരു കാര്യം ഞാൻ ഉറപ്പിച്ചു പറയാൻ ആഗ്രഹിക്കുകയാണ്. ഈ നടപടിയാണ് ഗവൺമെൻറ് സ്വീകരിക്കുന്നതെങ്കിൽ നമ്മുടെ സംസ്ഥാനത്തിലെ സ്വകാര്യമേഖലയിലെ എല്ലാ വിഭാഗം തൊഴിലാളികൾക്കും സംഘടിതമായ അനിശ്ചിതകാലത്തേക്കുള്ള പണിമുടക്ക് നടത്തേണ്ടിവരും. ഞങ്ങളുടെ കുറ്റംകൊണ്ടല്ല. തൊഴിലാളികളുടെ അനാസ്ഥകൊണ്ടുമല്ല. സ്വകാര്യ ബസ്സുടമസ്ഥൻമാരുടെ കൈയിൽനിന്ന് അച്ചാരം വാങ്ങിയിട്ട് ആ നിയമം നടപ്പിലാക്കാതെ ഇരിക്കാനുള്ള നടപടിയാണ് സ്വീകരിക്കുന്നത്. മുതലാളിമാരെ പ്രോസിക്യൂട്ട് കോടതിയിലേക്ക് കൊണ്ടുപോവുക. ഈ നിയമം ലംഘിക്കുന്ന മുതലാളിമാർക്കെതിരായിട്ട് എന്തെങ്കിലും നടപടിയെടുത്തതായിട്ട് ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിക്ക് പറയാൻ കഴിയുമോ ? ഒരൊറ്റയാൾക്കെതിരായിട്ട് നടപടി സ്വീകരിച്ചോ ? എന്തിനാണ് സർ, ഈ മാതിരി നടപടിയുമായി മുന്നോട്ടു പോകുന്നത് ? സ്വകാര്യ രംഗത്തെ ബസ് ട്രാൻസ്പോർട്ട് തൊഴിലാളികളെ വഞ്ചിക്കുക, ഈ നിയമം നടപ്പിലാക്കാതെ ഇരിക്കുക. ഇത് ഈ നിയമസഭയോടുള്ള ധിക്കാരമാണ്, മന്ത്രി കാണിക്കുന്നത്. അതുകൊണ്ട് ഈ ധിക്കാരം അവസാനിപ്പിക്കണം. ഈ നിയമം കർശനമായിട്ട് നടപ്പിലാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ മിക്കവാറും കാര്യങ്ങളും അടിസ്ഥാനരഹിതവും വസ്തുതകൾക്ക് വിരുദ്ധവുമാണ്. തൊഴിലാളിവർഗ്ഗത്തെ സഹായിക്കാൻവേണ്ടി എന്തെങ്കിലും ക്രിയാത്മകമായി ചെയ്യുന്ന വ്യക്തികളെയും ഗവൺമെന്റിനേയും തേജോവധം ചെയ്ത് ശബ്ദായമാനമായി പ്രതികരിക്കുക ഈ കാലഘട്ടത്തിന്റെ സ്വഭാവമായതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പറുടെ പ്രസംഗത്തിൽ എനിക്ക് പ്രത്യേകിച്ച് ഒന്നുമില്ല. ഇനി ഞാൻ കണക്കുകൾ പറയട്ടെ. ഈ ഗവൺമെന്റിന്റെ ക്ഷേമനിധികൾ നടപ്പിലാക്കി തൊഴിലാളികളെ സംരക്ഷിക്കുക എന്ന നയത്തിന്റെ ഭാഗമായി നടപ്പാക്കിയ നിയമനിർമ്മാണമുണ്ട്. നിയമനിർമ്മാണത്തിന്റെ, ക്ഷേമനിധികളുടെ ഒരു പ്രവാഹം തന്നെ ഈ ഗവൺമെന്റ് ഈ രാജ്യത്ത് സൃഷ്ടിച്ചിരിക്കുന്നു. അതിലൊന്നാണ് ഈ ക്ഷേമനിധി. ഈ ക്ഷേമനിധികൾ നടപ്പാക്കുന്നതിനുള്ള എല്ലാ പരിശ്രമങ്ങളും ഈ ഗവൺമെന്റ് നടത്തിയിട്ടുണ്ട്. ഇതിൽ എംപ്ലോയേഴ്സ് സഹകരിക്കുമെന്നായിരുന്നു ഗവൺമെന്റിന്റെ പ്രതീക്ഷ. പക്ഷെ അവർ കഠിനമായി എതിർത്തു. അതിന്റെ രേണഘടനാ നടപടികളെ ചോദ്യം ചെയ്തുകൊണ്ട്, 1200-ൽപ്പരം സ്റ്റേകൾ അവർ ഹൈക്കോടതിയിൽനിന്ന് സമ്പാദിച്ചു. അതോടുകൂടി അത് മുന്നോട്ടു കൊണ്ടുപോകാൻ ഒരു നിവൃത്തിയുമില്ലാത്ത സ്ഥിതിവിശേഷമുണ്ടായി. ഗവൺമെന്റും ബോർഡും അതിശക്തമായിട്ട് ഒരു നിയമയുദ്ധംതന്നെ കോടതിയിൽ നടത്തി. അന്ന് ഈ പറയുന്ന ഏതെങ്കിലും യൂണിയൻ കക്ഷിചേർന്നിട്ട് തൊഴിലാളി വർഗ്ഗത്തിന്റെ ഗുണത്തിനുവേണ്ടിയാണ് എന്ന് ഒരു വാക്ക് പറയാമായിരുന്നു. അവർ പറഞ്ഞില്ല എന്നു മാത്രമല്ല ജനങ്ങളെ ബുദ്ധിമുട്ടിക്കുന്നതിനും കൂടുതൽ കുഴപ്പങ്ങൾ ഉണ്ടാക്കുന്നതിനും ജനങ്ങളുടെതന്നെ പ്രതികരണം ഇതിൽ പ്രകടിപ്പിക്കുന്നതിന് ആവശ്യമില്ലാത്ത ഒരു പണിമുടക്ക് നടത്തുകയും അത് രാഷ്ട്രീയപ്രേരിതമാണെന്ന് പറയുകയും ചെയ്തത് ശരിയാണ്. അത് വസ്തുതയുമാണ്. എന്നാൽ ഗവൺമെന്റിന്റെ നിരന്തരമായ പരിശ്രമത്തിന്റെ ഫലമായി 8-9-1986-ൽ ഈ വിധികൾ അസ്ഥിരപ്പെട്ട് കിട്ടുകയുണ്ടായി. അതിനുശേഷം അതിഗൗരവമായിട്ടുള്ള പരിശ്രമങ്ങളാണ് ഞങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്. ഇതിന്റെ ഫലമായി 11,217 തൊഴിലാളികൾക്ക് നിയമാനുകൂല്യം ബാധകമാക്കുകയും 35 ലക്ഷം രൂപ ഞങ്ങൾ പിരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനു വിരുദ്ധമായി അദ്ദേഹം പറഞ്ഞ കണക്കുകളൊന്നും ശരിയല്ല. പിന്നെ വലിയ ഒരു ചോദ്യം ചോദിച്ചത് ഒരാളിന്റെ പേരിലെങ്കിലും നടപടി എടുത്തിട്ടുണ്ടോ എന്നാണ്. ഒരാളിന്റെ പേരിലല്ല 54 പ്രോസിക്യൂഷൻ കേസ്സുകൾ ഞങ്ങൾ എടുത്തിട്ടുണ്ട്. ഇതൊക്കെ നടക്കണമെങ്കിൽ സ്റ്റാഫ് വേണം. സ്റ്റാഫ് വേണമെങ്കിൽ നിയമനം നടത്തണം. ഈ രാജ്യത്ത് എംപ്ലോയ്മെന്റ് വഴിയാണ് നിയമനം നടത്തുന്നത്. അപ്പോൾ അതിന്റെ അർത്ഥം ഇവിടെ ഒരു ക്ഷേമനിധിയും നടപ്പിലാക്കുന്നതിന് അവർക്ക് ഒരു താൽപര്യവുമില്ലെന്നാണ്. അടുത്ത സബ്മിഷൻ ബഹുമാനപ്പെട്ട രാഘവൻ ഉന്നയിക്കാൻ പോവുകയാണ്. ഇങ്ങനെയുള്ള ആരോപണങ്ങളുടെ ഫലമായി നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി വേണ്ട പി. എസ്. സി. വഴി മതി എന്ന് നിശ്ചയിച്ചു. സ്റ്റാഫിനെ നിയമിക്കാൻ നിവൃത്തിയില്ല. ഗവൺമെന്റിന് ഇനി പഴികേൾക്കേണ്ട ആവശ്യമില്ല. പബ്ലിക് സർവ്വീസ് കമ്മിഷൻവഴി മതിയെന്ന് ക്യാബിനറ്റ് തീരുമാനം എടുത്തിട്ടുണ്ട്. സ്വാഭാവികമായും അപ്പോൾ നിയമനം നടത്താൻ ബുദ്ധിമുട്ടുണ്ട്. ഉള്ള സ്റ്റാഫ് അഹോരാത്രം പ്രയത്നിച്ചാണ് ഈ 54 പ്രോസിക്യൂഷൻ നടപടികൾ എടുത്തിട്ടുള്ളത്. അതിന്റെ പിന്നിലെല്ലാം പ്രയത്നമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഞാനിവിടെ പറഞ്ഞ കണക്ക് ആയിരത്തിൽ ചിലപ്പോൾ റവന്യൂ റെക്കവറി നടപടികളും നടന്നുകൊണ്ടിരിക്കുന്നു. പിന്നെ ഒരു കാര്യമുള്ളത് ഇവിടെ ഒരു യൂണിയനും സഹകരിക്കുന്നില്ല എന്നതാണ്. ഒരാൾ ഇവിടെ വന്ന് ഞാൻ ഇന്ന മോട്ടോർ ട്രാൻസ്പോർട്ടിലെ തൊഴിലാളിയാണ് അവർ എന്റെ പേര് കൊള്ളിച്ചിട്ടില്ല, എന്നെ മെമ്പറാക്കണമെന്ന് അപേക്ഷ കൊടുക്കാൻ അവർക്ക് അവകാശമുണ്ട്. അങ്ങനെ ആരും തരുന്നില്ല. പിന്നെ ഉദ്യോഗസ്ഥൻമാർ, ആർ. ടി. ഓഫീസിൽ പോയി കളക്ട് ചെയ്യുകയാണ്. ആർ. ടി. ഓഫീസിൽനിന്നും കളക്ട് ചെയ്ത എല്ലാത്തിനും ഞങ്ങൾ നോട്ടീസ് അയച്ചിട്ടുണ്ട്. ഒരോരുത്തരെയായി കണ്ടുപിടിച്ച് റവന്യൂ റക്കവറിക്ക് പ്രോസിക്യൂഷൻ നടപടി എടുക്കുകയെന്ന ശ്രമകരമായ കാര്യം ഓരോ ഓഫീസിലും ഒന്നും രണ്ടും മാത്രമുള്ള സ്റ്റാഫ് ചെയ്തുകൊണ്ടിരിക്കുകയാണ്. ഇത്തരം ആരോപണങ്ങൾ കേൾക്കാൻ ഗവൺമെന്റിന് മനസ്സില്ലാത്തതുകൊണ്ട് ഞങ്ങൾ നിയമനം നടത്തുന്നില്ല എന്ന് ആരോപണങ്ങളുണ്ട്. എന്തെല്ലാം പരിശ്രമങ്ങളുണ്ടെങ്കിലും ഇത് എത്രയുംവേഗം നടപ്പാക്കും, പിന്നെ ഒരു അഭ്യർത്ഥനകൂടിയുണ്ട്. മി. രേതൻ താങ്കൾ പ്രതിനിധാനം ചെയ്യുന്ന യൂണിയനെയും ഈ രാജ്യത്തെ തൊഴിലാളി വർഗ്ഗത്തിനേയും നല്ലനിലയിൽ നടത്തണമെന്ന് ആഗ്രഹമുണ്ടെങ്കിൽ ഞങ്ങളെ ഇതിൽ ചേർത്തിട്ടില്ലായെന്നു പറഞ്ഞുകൊണ്ട് ഒരു ചെറിയ കടലാസ്സിൽ ഒരു പെറ്റീഷനുമായി ഈ ഓഫീസിനെ സമീപിക്കുക. സെക്ഷൻ 34 അനുസരിച്ച് രജിസ്ട്രേഷനു നിങ്ങൾക്ക് അവകാശമുണ്ട്. അങ്ങനെ നിങ്ങൾ വന്നാൽ പിന്നെ പരാതിപ്പെടാം. എത്രയുംവേഗം ഈ പെറ്റീഷൻസ് ഡിസ്പോസ് ചെയ്ത് നടപടിയെടുത്ത് മുഴുവൻ ആളുകളെയും തിരിച്ചെടുക്കും. അതിൽ തൊഴിലാളികളുടെ സമീപനമാണാവശ്യം. ദയവായി വിമർശിക്കുന്നതിനുപകരം ശബ്ദായമാനമായി പ്രതികരിക്കുന്നതിനു പകരം സഹകരിക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു.

ശ്രീ. ഒ. രേതൻ : സർ, ബഹുമാനപ്പെട്ട മന്ത്രിയിൽ നിന്നും ഒരു ഉറപ്പ് ലഭിക്കണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്. ഈ സംസ്ഥാനത്തുള്ള ക്ഷേമനിധി സ്കീമുകൾ എന്നെയുമുൾപ്പെടുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് ആവശ്യമായ വസ്തുതകളുംസഹിതം അപേക്ഷ അയയ്ക്കുന്ന എല്ലാ മെമ്പർമാരെയും ഈ സ്കീമിലുൾപ്പെടുത്തുന്നതിനാവശ്യമായിട്ടുള്ള നടപടി ഒരു മാസക്കാലത്തിനകം ഏർപ്പാട് ചെയ്യുമെന്ന് ഈ മന്ത്രിക്ക് ഉറപ്പു നൽകാൻ സാധിക്കുമോ ?

ശ്രീ. കെ. ശിവദാസൻ : സർ, പത്തോ ഇരുപതോ സ്റ്റാഫിനെക്കൊണ്ട് ആവശ്യമായ രീതിയിൽ, അതായത് മനുഷ്യസാദ്ധ്യമായ വേഗതയോടുകൂടി ഞങ്ങൾക്ക് അവയിലബിളായിട്ടുള്ള സാഹചര്യങ്ങൾകൊണ്ട് ചെയ്യാം. അതിൽ എന്തെങ്കിലും വീഴ്ചയുണ്ടെങ്കിൽ ചൂണ്ടിക്കാണിക്കാം. പിന്നെ ഇതൊരു സാങ്കല്പിക ചോദ്യമാണ്. ഇത്രയും കാലംവരെ ഇത് ചെയ്യാതിരുന്ന ആളുകൾ ചെയ്യട്ടെ അപ്പോൾ ഞങ്ങൾ വേണ്ടത് ചെയ്യാം.

## IV. സബ്മിഷൻ

### (1) കുണ്ടറ സിറാമിക്സിൽ ലേ ഓഫ് പ്രഖ്യാപിച്ചതുമൂലം തൊഴിലാളികൾ അനുഭവിക്കുന്ന ബുദ്ധിമുട്ട്

ശ്രീ. തോപ്പിൽ രവി : സർ, കേരളത്തിലെ വളരെ പഴക്കംചെന്ന ഒരു പൊതുമേഖലാ സ്ഥാപനമായ കുണ്ടറയിലെ കേരളാ സിറാമിക് സ്ഥാപനം ഇക്കഴിഞ്ഞ ജൂലൈമാസം 14-ാം തീയതി പവർക്കട്ടിനെത്തുടർന്ന് ലേ ഓഫ്

LIBRARY ARCHIVES Kerala Legislative Assembly